സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ തുടരുന്നുണ്ട്. പ്രധാനപ്പെട്ട വകുപ്പുകളായ സർജറി, ന്യൂറോളജി, കാർഡിയോതൊറാസിക് സർജറി. ന്യൂറോ സർജറി എന്നീ വിഭാഗങ്ങളിൽ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങി പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആവശ്യമായിട്ടുള്ള തിയേറ്ററൊക്കെ ശരിയായി. ആവശ്യമായ പുതിയ ഉപകരണങ്ങൾക്ക് ഓർഡർ നല്കിയിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് അവിടെ തുടങ്ങുന്നതാണ്. എങ്കിലും ഈ കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിന് ആവശ്യമായ ഒരു യോഗം വിളിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താമസിയാതെ ഒരു യോഗം വിളിച്ചു ചേർക്കുന്നതാണ്.

## (8) തൃശ്ശൂരിലെ ശ്രീരാമകൃഷ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ അംഗീകാരം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ. പുറനാട്ടുകരയിലെ ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കന്ററി സ്കൂളിലെ വളരെ നിസ്സാരമെന്നു തോന്നാവുന്ന ഒരു കെട്ടിടത്തിന്റെ സാംഗ്ഷനെ സംബന്ധിച്ച്, ഒരു സബ്മിഷൻ അവതരിപ്പിക്കുന്നതിൽ എനിക്ക് ഖേദമുണ്ട്. വളരെ പ്രസിദ്ധമായതാണ് ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം. എന്നേക്കാൾ ഏറ്റവും കൂടുതൽ അറിയുന്നത് ബഹുമാനപ്പെട്ട സ്പീക്കർക്കാണെന്ന് എനിക്കറിയാം. ഒൻപതു മുറികളുള്ള ആ കെട്ടിടത്തിന് പോസ്റ്റ് കെ. ഇ. ആർ. അനുസരിച്ച് സാംഗ്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സമീപിച്ചപ്പോൾ വളരെ ആദരവോടുകൂടിയാണ് അദ്ദേഹം ആ സ്കൂളിനെക്കുറിച്ച് സംസാരിച്ചതും നിർദ്ദേശങ്ങൾ നല്കിയതും. പക്ഷേ ഈ കെട്ടിടത്തിന്റെ സാംഗ്ഷനെ സംബന്ധിച്ച് ഇതുവരെ ഉത്തരവ് നല്കാൻ തൃശ്ശൂർ ഡി.ഇ.ഒ-യോ ഡി.ഡി.-യോ തയ്യാറായിട്ടില്ല എന്നുള്ള ഖേദകരമായ വസ്തുത ഞാൻ അറിയിക്കുകയാണ്. വളരെ പ്രസിദ്ധമായ ആ സ്ഥാപനത്തിന്റെ മാനേജർ ആരാധ്യനായ ശക്രാനനന്ദ സ്വാമിജിയാണെന്ന് ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. എന്നിട്ടുപോലും ഇവിടെ നിരന്തരമായി ബന്ധപ്പെട്ടിട്ടും, ബഹുമാനപ്പെട്ട മന്ത്രി ഇതിനു വേണ്ട ഉത്തരവു നല്കിയിട്ടും ഈ കെട്ടിടത്തിനു വേണ്ടിയുള്ള സാംഗ്ഷൻ ഡി.ഇ.ഒ. ഇതുവരെ നല്കിയിട്ടില്ല. അവർ പറഞ്ഞത് ഇവിടുത്തെ സെക്രട്ടേറിയറ്റിൽ അതു സംബന്ധിച്ച് പഴയ ഫയൽ ഉണ്ടെന്നാണ്. അങ്ങനെ ഒരു ഫയൽ ഉണ്ടെങ്കിൽ അതു വരുത്തി വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതല്ലേ? കഴിഞ്ഞ ആറ് മാസമായി ഞാൻ ഈ കാര്യത്തിനുവേണ്ടി നിരന്തരമായി സെക്രട്ടേറിയറ്റിലും ബന്ധപ്പെട്ട ആളുകളേയുമൊക്കെ സമീപിക്കുകയാണ്. എന്നിട്ടുപോലും അതിനു അനുവാദം തന്നിട്ടില്ല. അങ്ങനെ അനുവാദം തരാത്തതുകൊണ്ട് ഒരുപാട് പ്രയാസങ്ങൾ ആ സ്കൂളിനുണ്ട്. അതുകൊണ്ട് കെ.ഇ.ആർ. അനുസരിച്ച് ഒമ്പതു മുറികൾക്കുള്ള സാംഗ്ഷൻ തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ബഹുമാനപ്പെട്ട ചന്ദ്രമോഹൻ ഇവിടെ ചൂണ്ടിക്കാണിച്ച പുറനാട്ടുകര എസ്.ആർ.കെ.ജി.വി.എം. ഹയർ സെക്കന്ററി സ്കൂളിലെ പ്രീ-കെ.ഇ.ആർ പ്രകാരമുള്ള മുറികൾ സംബന്ധിച്ചാണ് പ്രശ്നമുണ്ടായത്. അവിടെ നേരത്തേയുണ്ടായിരുന്ന മുറികൾ സുരക്ഷിതമല്ലെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊളിക്കേണ്ടതുണ്ടായിരുന്നു. അതിനു സമ്മതം ചോദിച്ചു. പൊളിക്കൽ ആവശ്യമായിരുന്നു. സമ്മതം കിട്ടുന്നതിനു മുമ്പുതന്നെ അത് പൊളിച്ചു. വാക്കാൽ സമ്മതം വാങ്ങി പൊളിച്ചുകൊള്ളാൻ ഡി.ഇ.ഒ. തന്നെ പറഞ്ഞു. അദ്ദേഹം പറഞ്ഞതുപോലെ കാലതാമസം വന്നിട്ടുണ്ട്. അതിന്റെ ഫലമായി ഡി.ഇ.ഒ.-യുടെ ഡിവിഷൻ അംഗീകാരം കിട്ടിയിട്ടില്ല. ഗവൺമെന്റിൽനിന്നും ഡി.പി.ഐ.-യിൽ നിന്നും അംഗീകാരം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഞങ്ങൾ ഡി.ഇ.ഒ.-യോട് നിർദ്ദേശിച്ചപ്രകാരം ഇൻസ്പെക്ഷൻ നടത്തി നോക്കിയ സമയത്ത് ഈ പ്രീ-കെ.ഇ.ആർ. അനുസരിച്ച് കെട്ടിടങ്ങൾ പൊളിച്ച് പുതുതായി നിർമ്മിച്ചിട്ടുള്ള കെട്ടിടം കെ.ഇ.ആറിലെ സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ പുതിയ കെട്ടിടത്തിന് അനുവാദം കൊടുക്കുന്നതാണ് എന്നു മാത്രമല്ല കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഹയർ ലവൽ വെരിഫിക്കേഷൻ നടന്നിട്ടുണ്ടെങ്കിൽ ആ കാര്യം അംഗീകരിച്ചുകൊണ്ട് ഉടൻതന്നെ ഉത്തരവ് നല്കുന്നതാണ്. ഇനിയും ആ കാര്യത്തിൽ ബുദ്ധിമുട്ടേണ്ടി വരുകയില്ല എന്ന് ശ്രീ. ചന്ദ്രമോഹനും സഭയ്ക്കും ഞാൻ ഉറപ്പുതരുന്നു.

മി. സ്പീക്കർ: ഡിവിഷന്റെ കാര്യത്തിലും റെക്ടിഫൈ ചെയ്യണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: തീർച്ചയായും ചെയ്യാം.

# V റിപ്പോർട്ട് സമർപ്പണം

## (1) കാര്യോപദേശക സമിതിയുടെ 23-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 23-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 76 മുതൽ 88 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കടവൂർ ശിവദാസൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 76 മുതൽ 88 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly